# <u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ജീവനക്കാര്യം – ശ്രീ.അഭിലാഷ്.എം.ആർ ന് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റർ തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കെ.എസ്.എ.3/എസ്റ്റാ.1/2019** **തീയതി: 21.10.2019**

---

പരാമർശം : (1) ഈ കാര്യാലയത്തിലെ 30.09.2019 ലെ കെ.എസ്.എ 3141/എസ്റ്റാ 2/2019 നമ്പർ ഉത്തരവ്

(2) അഡ്വക്കേറ്റ് ജനറലിന്റെ 04.10.2019 ലെ എഡിഎ 1–6716/2019 നമ്പർ ഉത്തരവ്

(3) ശ്രീ.അഭിലാഷ്.എം.ആർ ന്റെ 11.10.2019–ലെ സമർപ്പണം.

## <u>ഉത്തരവ്</u>

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ അസിസ്റ്റന്റായിരുന്ന ശ്രീ.അഭിലാഷ്.എം.ആർ ന് പരാമർശം (1) ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം ശ്രീ.അഭിലാഷ്.എം.ആർ അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്ന് വിടുതൽ ചെയ്യുകയും പരാമർശം (3) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ 11.10.2019 പൂർവ്വാഹ്നത്തിൽ ജോലിയ്ക്ക് ഹാജരാവുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിൽ ഓഡിറ്റർ തസ്തികയിൽ** നിലവിലുള്ള ഒഴിവിൽ 11.10.2019 പൂർവ്വാഹ്നം പ്രാബല്യത്തിൽ ശ്രീ.അഭിലാഷ്.എം.ആർ ന് നിയമനം നൽകി ഉത്തരവാകുന്നു.

ശ്രീ.അഭിലാഷ്.എം.ആർ ഓഡിറ്ററായി നിയമിതനായി കൊണ്ടുള്ള നിബന്ധനകൾ പാലിക്കാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള ജാമ്യകരാർ ചമച്ചെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ശ്രീ.അഭിലാഷ്.എം.ആർ നെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ

ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഓഡിറ്റർ തസ്തികയിലെ ഏറ്റവും ജൂനിയർ ഉദ്യോഗസ്ഥനായി പരിഗണിക്കുന്നതായിരിക്കും. പ്രസ്തുത വിവരം ഉദ്യോഗസ്ഥന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ശ്രീ.അഭിലാഷ്.എം.ആർ–ന്റെ മുൻകാല സേവനം സംസ്ഥാന ഓഡിറ്റ് വകുപ്പിലെ സീനിയോറിറ്റിയ്ക്ക് ബാധകമായിരിക്കില്ല. KS&SSR പാർട്ട് 2 റൂൾ 20(ബി) & ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ശ്രീ.അഭിലാഷ്.എം.ആർ 3 വർഷത്തെ തുടർച്ചയായ സേവന കാലയളവിൽ 2 വർഷം പ്രൊബേഷനിലായിരിക്കും.

(ഒപ്പ്)
**ഡയറക്ടർ**

**ശ്രീ.അഭിലാഷ്.എം.ആർ , ഓഡിറ്റർ**

പകർപ്പ്

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ഉപരിപത്രം സഹിതം)
2. ജോയിന്റ് ഡയറക്ടർമാർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർമാർ (ഡയറക്ടറേറ്റ്)
3. എസ്റ്റാ 2,3, 4, അക്കൗണ്ട്സ് സെക്ഷനുകൾ
4. ഓഫീസ് കോപ്പി